# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2234

## 05.02.2018 ലെ മറുപടിക്ക്

**<u>ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എയിഡഡ് വിദ്യാലയങ്ങളിലെ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എയിഡഡ് വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സ.ഉ.(അ) നം. 63/2017/ധന തീയതി 12.05.2017, സ.ഉ.(അ) നം. 75/2017/ധന. തീയതി 28.05.2017 എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നം.109/2017/ധന. തീയതി 18.08.2017 പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിലേക്കാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി ക്രമങ്ങളും വിശദമാക്കുമോ; | ആസ്തി വികസന പദ്ധതിയിലെ മറ്റു പ്രവൃത്തികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമാക്കിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളെയോ സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളെയോ സമീപിക്കാവുന്നതാണ്. |
| (സി) | നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന എയിഡഡ് സ്ഥാപനങ്ങളും സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകൾ വയ്ക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ? | ചലഞ്ച് ഫണ്ട് പദ്ധതിയിൽ സർക്കാർ സഹായത്തിന് ആനുപാതികമായ തുക സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റു തരത്തിലുള്ള കരാറുകളൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ